بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.12.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 2

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത് അബൂബക്കർ(റ) ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട ഒരേ സംഭവം തന്നെ വ്യത്യസ്ത വീക്ഷണങ്ങളോടെയുള്ളവയാണ്. ഉസദുൽ ഗാബയിൽ ഇങ്ങനെ വിവരിക്കുന്നു, അസദ് ഗോത്രത്തിലെ ഒരു വൃദ്ധനായ മനുഷ്യൻ തന്റെ ജ്ഞാനദൃഷ്ടികൊണ്ട് ഒരു നബി ഹറമിൽ നിയോഗിതനാകുന്നതാണെന്നും അദ്ദേഹത്തെ സഹായിക്കുന്ന ആളുടെ വയറിലും ഇടത് തുടയിലും ഉള്ള അടയാളങ്ങളും പ്രായം കൂടുതലും മെലിഞ്ഞ ശരീരവുമെല്ലാം ഹദ്റത് അബൂബക്കർ(റ)വിൽ കണ്ടു കൊണ്ട് അദ്ദേഹത്തോട് മുൻകരുതൽ എടുക്കാനായി പറഞ്ഞു: സന്മാർഗത്തിൽ നിന്നും മുഖം തിരിക്കരുത്. അനുപമവും നല്ലതുമായ വഴിയെ ശക്തമായി പിൻപറ്റിക്കൊണ്ട് അല്ലാഹു നിങ്ങൾക്ക് തന്ന സമ്പത്തിൽ അല്ലാഹുവിനെ ഭയപ്പെടുക. ഹദ്റത് അബൂബക്കർ(റ) മക്കയിലേക്കു തിരിച്ചുവന്നിട്ട് നബിയോടു തെളിവു ചോദിച്ചു. നബി(സ) യമനിൽ കണ്ടുമുട്ടിയ വൃദ്ധനായ മനുഷ്യന്റെ കൂടിക്കാഴ്ചയെപറ്റി പറഞ്ഞു. അതിൽ നബിയുടെ കയ്യിൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും അവിടുന്ന് അല്ലാഹുവിന്റെ റസൂൽ ആണെന്നും സാക്ഷ്യം വഹിക്കുകയുണ്ടായി.

ചില സ്ഥലങ്ങളിൽ ഒരുപക്ഷെ വിവരണത്തിന് വേണ്ടി ചിലത് അധികാരിപ്പിച്ചിട്ടും ഉണ്ടാകാം. എങ്കിലും ഒരുപാട് കാര്യങ്ങൾ ശരിയായിട്ടുള്ളവ തന്നെയാണ്. റിയാസുന്നള്ളറഃയിൽ (رياض النضرة) ഉമ്മു സൽമ വിവരിക്കുന്നു: ഖുറൈശിലെ ആളുകൾ ഹദ്റത് അബൂബക്കറിന്റെ അടുത്ത് വന്നിട്ട് പറഞ്ഞു: അബൂബക്കർ നിന്റെ ഈ സുഹൃത്ത് ഭ്രാന്തനായിരിക്കുന്നു. (നഊദുബില്ലാഹ്) അദ്ദേഹം മസ്ജിദ് ഹറമിൽ ജനങ്ങളെ തൗഹീദ് അഥവാ ഏകദൈവത്തിലേക്ക് വിളിക്കുകയും നബിയാണെന്നു പറയുകയും ചെയ്യുന്നു. ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) പറഞ്ഞു: അവിടുന്ന് ഒരിക്കലും കളവു പറയുന്നതായി ഞാൻ കണ്ടിട്ടില്ല. ഹദ്റത് അബൂബക്കർ അമാന്തിക്കുകയോ നിരാകരിക്കുകയോ ചെയ്യാതെ ബൈഅത് ചെയ്തു തിരുനബിയെ സാക്ഷ്യപ്പെടുത്തി.

മാത്രമല്ല നബി(സ) കൊണ്ടുവന്നത് സത്യാമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ നബി(സ) പറയുന്നു: അബുബക്കർ ഒഴികെ ഞാൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചവർക്കെല്ലാം അടിപതറുകയും കാത്തിരിക്കുകയുമാണ് ചെയ്തത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത് അബുബക്കർ ഇസ്‌ലാം സ്വീകരിച്ച സംഭവം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: നബി(സ) നുബുവ്വത്ത് വാദം പുറപ്പെടുവിച്ച സമയത്ത് ഹദ്റത് അബുബക്കർ പുറത്തെവിടെയോ ആയിരുന്നു. തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഭൃത്യ അദ്ദേഹത്തോട് പറഞ്ഞു: താങ്കളുടെ സുഹൃത്ത് (നഊദുബില്ലാഹ്) ഭ്രാന്തനായിരിക്കുന്നു. അദ്ദേഹം കൗതുകകരമായ പല കാര്യങ്ങളും പറയുന്നു. മാത്രാമല്ല തനിക്ക് മേൽ ആകാശത്ത് നിന്ന് മലക്കുകൾ ഇറങ്ങുന്നു എന്നും പറയുന്നുണ്ട്. ഹദ്റത് അബുബക്കർ അപ്പോൾ തന്നെ എഴുന്നേറ്റ് നബി(സ)യുടെ വീട്ടിലെത്തി. നബി(സ)അദ്ദേഹത്തിന് (തെറ്റിദ്ധാരണ ഉണ്ടായെങ്കിലോ എന്ന് കരുതി) വിശദീകരിക്കാൻ ആഗ്രഹിച്ചു. അബുബക്കർ പറഞ്ഞു: താങ്കൾ വിശദീകരിക്കേണ്ടതില്ല. താങ്കൾ ഇങ്ങനെ പറഞ്ഞിട്ടുണ്ടോ എന്നു മാത്രം പറയുക. നബി(സ) പറഞ്ഞു: അതെ ശരിയാണ്. അപ്പോൾ ഹദ്റത് അബുബക്കർ പറഞ്ഞു: ഞാൻ താങ്കളിൽ വിശ്വസിക്കുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്, ഞാൻ തെളിവുകൾ വിവരിക്കുന്നതിൽ നിന്ന് അങ്ങയെ തടയാൻ കാരണം ഞാൻ ആഗ്രഹിക്കുന്നത് എന്റെ വിശ്വാസം കണ്ടു കൊണ്ടായിരിക്കണം എന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കരുത് എന്നും കരുതിയിട്ടാണ്. കാരണം അങ്ങയെ സത്യസന്ധനും വരിഷ്ഠനും ആണെന്ന് അംഗീകരിച്ചതിന് ശേഷം ഏതെങ്കിലും തെളിവുകളുടെ ആവശ്യം തന്നെ ഇല്ല. ചുരുക്കത്തിൽ മക്കക്കാർ മൂടി വെച്ചിരുന്ന കാര്യത്തെ അബുബക്കർ തന്റെ കർമ്മത്തിലൂടെ വെളിപ്പെടുത്തി കാണിച്ചു.

അതിനുശേഷം ഹദ്റത് അബൂബക്കറിന്റെ നന്മയിലും ഭയഭക്തിയിലും വിശ്വാസമുണ്ടായിരുന്ന ഏതാനും യുവാക്കളെ ഒരുമിച്ച് കൂട്ടികൊണ്ട് അവർക്ക് കാര്യങ്ങൾ മനസ്സിലാക്കികൊടുത്തു. അങ്ങനെ 7 പേർ കൂടി നബി(സ) യിൽ വിശ്വസിച്ചു. ഇവരെല്ലാം യുവാക്കൾ ആയിരുന്നു. അവരുടെ പ്രായം 12 മുതൽ 25 വയസ്സ് വരെയായിരുന്നു.

അദ്ദേഹത്തിന് മേൽ വലിയ വലിയ പരീക്ഷണങ്ങൾ വന്നു. സ്വത്തുക്കളും നാടും ഉപേക്ഷിക്കേണ്ടതായി വന്നു.

സ്വന്തം ബന്ധു ജനങ്ങളെ കൊല ചെയ്യേണ്ടതായി വന്നു. പക്ഷെ നബി(സ)യുടെ സത്യസാക്ഷ്യത്തിൽ ഒരിക്കലും സംശയം ഉണ്ടായില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: തിരുനബി(സ) ഹദ്റത് അബുബക്കർ(റ) ന് സിദ്ധീഖ് എന്ന സ്ഥാനപ്പേര് നൽകിയിരിക്കുന്നു. ആഴത്തിൽ ചിന്തിക്കുകയാണെങ്കിൽ വാസ്തവത്തിൽ ഹദ്റത് അബുബക്കർ കാണിച്ച സത്യസന്ധതയ്ക്ക് സമാനമായത് കിട്ടാൻ പ്രയാസമാണ്. സത്യമെന്തെന്നാൽ ഓരോ കാലഘട്ടത്തിലും സിദ്ധീഖിയത്തിന്റെ തികവുകൾ സ്വായത്തമാക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അയാളെ സംബന്ധിച്ച് ഏറ്റവും അനിവാര്യമായിട്ടുള്ളത് അബുബക്കറിന്റെ സ്വഭാവവും പ്രകൃതവും തങ്ങൾക്കുള്ളിൽ ഉണ്ടാക്കുന്നതിനുവേണ്ടി കഴിയുന്നത്ര പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയുമാണ്. അബുബക്കറിന്റെ പ്രകൃതത്തിന്റെ നിഴൽ തനിക്ക് മേൽ വിരിക്കുന്നതുവരെ ആ നിറത്തെ സ്വായത്തമാകുന്നത് വരെ സിദ്ധീഖിയത്തിന്റെ തികവുകൾ സ്വായത്തമാകുന്നതല്ല. ഇത് കേവലം വാക്കുകൾ മാത്രമായിരുന്നില്ല. മറിച്ച് ഹദ്റത് അബുബക്കർ തന്റെ കർമങ്ങളിലൂടെ അത് തെളിയിച്ച് കാണിച്ചു. മരണം വരെ അത് നിറവേറ്റി. മരണശേഷവും സഹവാസം ഉപേക്ഷിച്ചില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) സൂറത്തുറഹ്മാനിലെ وَلِمَنْ خَافَ مَقَامَ رَبِّهٖ جَنَّتٰنِ ۝٤٧ (തന്റെ റബ്ബിന്റെ സ്ഥാനത്തെ ഭയപ്പെടുന്നവർക്ക് രണ്ടു സ്വർഗങ്ങൾ ഉണ്ട്) എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത് അബൂബക്കർ(റ)ന്റെ ഉദാഹരണം ആണ് നൽകുന്നത്. ഹദ്റത് അബൂബക്കറിനു വലിയ വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. കഠിനമായ ദുഃഖം സഹിക്കേണ്ടി വന്നു. എന്നാൽ ഏറ്റവുമാദ്യം നുബുവ്വത്തിന്റെ സിംഹാസനത്തിൽ അദ്ദേഹത്തെ തന്നെയാണ് ഇരുത്തിയത്. അല്ലാഹു അദ്ദേഹത്തിന് ഇവിടെയും അനുഗ്രഹം നൽകി. അടുത്ത ലോകത്താകട്ടെ സ്വർഗം ഏതായാലും ഉണ്ടു താനും.

നബി(സ)നെ പുരുഷന്മാരിൽ നിന്ന് ഏറ്റവും ആദ്യം വിശ്വസിച്ചതാരാണ് എന്നുള്ള കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യസങ്ങൾ ഉണ്ട്. അല്ലാമാ അഹ്മദ് ബിൻ അബുദുല്ലാഹ് എഴുതുന്നു: പുരുഷന്മാരിൽ ഏറ്റവും ആദ്യം ഇസ്ലാം സ്വീകരിച്ച് അതിനെ വെളിപ്പെടുത്തിയത് ഹദ്റത് അബുബക്കർ ബിൻ അബി ഖുഹാഫ ആയിരുന്നു.

ഹദ്റത് മിർസാ ബശീർ അഹ്മദ്സാഹിബ് പറയുന്നു: സൗർ ഗുഹയിൽ തിരുനബി(സ)യുടെ അനുസരണത്തിൽ തന്നെ പൂർണമായും ഉഴിഞ്ഞു വെച്ചിരുന്ന വ്യക്തിത്വം ആയിരുന്നു അബൂബക്കർ. ജനങ്ങളിൽ നിന്നും ഏറ്റവും ആദ്യം നബി(സ)യെ വിശ്വസിച്ചതും അദ്ദേഹമായിരുന്നു.

ഹദ്റത് അബൂബക്കറിനെ സംബന്ധിച്ച് പ്രസിദ്ധ യൂറോപ്പ്യൻ വിമർശകൻ സ്പ്രിങ്കർ എഴുതുന്നു; അബൂബക്കർ ഇസ്ലാമിന്റെ ആരംഭത്തിൽ മുഹമ്മദ്(സ)ൽ വിശ്വസിച്ചു എന്നത് തെളിയിക്കുന്നത് മുഹമ്മദ്(സ) വഞ്ചനയിൽ അകപ്പെട്ടേക്കാം എങ്കിലും ഒരിക്കലും വഞ്ചിക്കുന്നവൻ ആയിരുന്നില്ല എന്നാണ്. സർ വില്യം മൂയിറിനും സ്പ്രിങ്കറിന്റെ ഈ അഭിപ്രായത്തോട് പൂർണമായും യോജിപ്പുണ്ട്.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഹദ്റത് അബൂബക്കർ(റ)ന്റെ സ്നേഹവും നന്മയും ഭയഭക്തിയും കാരണത്താൽ ഒരു സംഘം അദ്ദേഹത്തിന്റെ കയ്യിലൂടെ ഇസ്ലാം സ്വീകരിച്ചു. സ്വർഗീയ സുവാർത്ത നല്കപ്പെട്ട പത്ത് പേരിൽ അഞ്ചു സഹാബാക്കൾ, ഹദ്റത് ഉസ്മാൻ ബിൻ അഫ്ഫാൻ, ഹദ്റത് സുബൈർ ബിൻ അവ്വാം, ഹദ്റത് അബ്ദുറഹ്മാൻ ബിൻ ഔഫ്, ഹദ്റത് സഅദ് ബിൻ അബി വഖാസ്, ഹദ്റത് ത്വൽഹ ബിൻ ഉബൈദുല്ലാഹ് അതിൽ ഉൾപ്പെടുന്നു. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് തന്റെ സീറത്ത് ഖാതമുന്നബിയ്യീനിൽ എഴുതുന്നു: ഇവർ എല്ലാവരും ഇസ്ലാമിലെ ഉന്നത ശ്രേണിയിലുള്ളവരും ഉന്നത സഹാബാക്കളുടെ ഗണത്തിലുള്ളവരും സ്വർഗീയ സുവാർത്ത നല്കപ്പെട്ട പത്ത് പേരിൽ പെട്ട സഹാബാക്കളും നബി(സ)യുടെ സാമിപ്യം നേടിയവരും ആയിരുന്നു.

മക്കയിലെ നിഷേധികൾ ഇസ്ലാം സ്വീകരിച്ചവർക്കു മേൽ പലവിധ ആക്രമണങ്ങളും നടത്തി. ദുർബലരും അടിമകളുമായ മുസ്ലിംകൾ മാത്രമല്ല അവരുടെ മർദനങ്ങൾക്ക് ഇരയായത്. മറിച്ച് തിരുനബി(സ)യും അബൂബക്കറും പോലും മക്കയിലെ നിഷേധികളുടെ ദ്രോഹങ്ങളിൽ നിന്ന് സുരക്ഷിതരായിരുന്നില്ല. സീറത്ത് ഹൽബിയയിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത് അബൂബക്കറും ഹദ്റത് ത്വൽഹയും തങ്ങളുടെ ഇസ്ലാം വെളിപ്പെടുത്തിയപ്പോൾ ഖുറൈശികളുടെ സിംഹം എന്ന് അറിയപ്പെട്ടിരുന്ന നൗഫൽ ബിൻ അദ്വിയ്യ അവർ രണ്ടുപേരെയും പിടികൂടി. ഒരു കയറിൽ ബന്ധിച്ചു. ഈ കാരണം കൊണ്ട് തന്നെ ഹദ്റത് അബൂബക്കറും ത്വൽഹയും ഖരീനൈൻ എന്നറിയപ്പെടുന്നു. അതായത് കൂടിച്ചേർന്ന രണ്ടു സുഹൃത്തുക്കൾ.

ഒരിക്കൽ നബി(സ) മസ്ജിദ് ഹറമിൽ നമസ്കരിക്കുകയായിരുന്നു. ഉഖ്ബാ ബിൻ അബി മഈത്ത് (عقبہ بن ابی معیط) വന്നു ഒരു തുണി തിരുനബി(സ)യുടെ കഴുത്തിൽ ഇട്ട് മുറുക്കാൻ തുടങ്ങി. ഇത്രയും ആയപ്പോഴേക്കും ഹദ്റത് അബൂബക്കർ അവിടെയെത്തി ഉഖ്ബയുടെ തോളത്ത് പിടിച്ച് അയാളെ തള്ളിമാറ്റി നബി(സ)യെ രക്ഷിച്ചു. എന്നിട്ട് പറഞ്ഞു: اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ തന്റെ നാഥൻ അല്ലാഹുവാണ് എന്നു പറയുന്ന ഒരാളെ നിങ്ങൾ കൊല്ലുകയാണോ?

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഒരിക്കൽ മസ്ജിദ് ഹറമിൽ മുശ്രിക്കീംകൾ നബി(സ)ക്ക് ചുറ്റും കൂടി. ആ സമയത്ത് ആരോ ഹദ്റത് അബൂബക്കറിനെ അറിയിച്ചു. അദ്ദേഹം മസ്ജിദ് ഹറമിലെത്തിയിട്ട് പറഞ്ഞു: اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ وَقَدْ جَآءَكُمْ بِالْبَيِّنٰتِ مِنْ رَّبِّكُمْ നിങ്ങൾ തന്റെ റബ്ബ് അല്ലാഹുവാണ് എന്ന് പറഞ്ഞ കാരണത്താൽ മാത്രം ഒരു വ്യക്തിയെ കൊല്ലുകയാണോ.?

അദ്ദേഹമാകട്ടെ നിങ്ങളുടെ അടുക്കൽ തന്റെ നാഥനിൽ നിന്ന് വ്യക്തമായ അടയാളങ്ങളുമായി വന്നിരിക്കുന്നു. അപ്പോൾ അവർ തിരുനബി(സ)യെ ഒഴിവാക്കുകയും അബൂബക്കറിനെ മർദിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത് അബൂബകറിന്റെ മകൾ ഹദ്റത് അസ്മാ പറയുന്നു: അദ്ദേഹം ഞങ്ങളുടെ അടുത്ത് വരുമ്പോൾ അദ്ദേഹത്തിന്റെ മുടിയിൽ കൈ വെക്കുകയാണെങ്കിൽ മുടി ഞങ്ങളുടെ കയ്യിൽ വരുമായിരുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു. *തബാറകത്ത യാദൽ ജലാലി വൽ ഇക്റാം* അല്ലയോ ആദരവും അന്തസ്സുടയുവാനുമായ നാഥാ നീ അനുഗ്രഹ പൂർണനാകുന്നു.

ഹദ്റത് അലി(റ) പറഞ്ഞു: എന്നോട് പൊരുതിയ ആളുകളെ ഞാൻ അടിച്ച് വീഴ്ത്തിയിട്ടുണ്ട്. എന്നാൽ ഏറ്റവും വലിയ യോദ്ധാവ് അബൂബക്കർ ആകുന്നു. ബദറിന്റെ ദിവസം നബി(സ)യുടെ അടുക്കലേക്ക് ആരെങ്കിലും വരികയാണെങ്കിൽ പൊരുതുന്നതിനുവേണ്ടി ഹദ്റത് അബൂബക്കർ തന്റെ വാളും ഊരിപ്പിടിച്ച് നബി(സ)ന്റെ അടുക്കൽ നിന്നു.

ഹദ്റത് അലി(റ) പറയുന്നു: ഒരിക്കൽ നബി(സ)നെ ബുദ്ധിമുട്ടിക്കുന്ന ഖുറൈശികളെയെല്ലാം ഹദ്റത് അബൂബക്കർ അടിച്ചോടിച്ചു. അല്ലാഹുവാണെ, ഹദ്റത് അബൂബക്കറിന്റെ ഒരു നിമിഷം ഫിർഔനിന്റെ ജനതയിലെ വിശ്വാസി ഭൂമിയിൽ മുഴുവനും ചെയ്തു തീർത്ത നന്മയെക്കാളും ശ്രേഷ്ഠമാകുന്നു. കാരണം അയാൾ തന്റെ വിശ്വാസം ഗോപ്യമാക്കി വെച്ചിരിക്കുകയായിരുന്നു എന്നാൽ ഹദ്റത് അബൂബക്കർ തന്റെ വിശ്വാസം വിളംബരപെടുത്തുകയായിരുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ ചില ശത്രുക്കൾ നബി(സ)നെ ഒറ്റക്കായിരുന്ന സമയത്ത് പിടികൂടി. തിരുനബിയുടെ കഴുത്തിൽ തുണിയിട്ട് മുറുക്കാൻ തുടങ്ങി. ജീവൻ പൊയ്പോകുന്ന അവസ്ഥ വരെയെത്തി. യദൃശ്ചികമായി അബൂബക്കർ അവിടെ വന്നു. അദ്ദേഹം ആ പ്രായസത്തിൽ നിന്നും നബി(സ)നെ രക്ഷിച്ചു. അപ്പോൾ അവർ അബൂബക്കറിനെ മർദിക്കാൻ തുടങ്ങി. തൽഫലമായി അദ്ദേഹം മോഹലസ്യപ്പെട്ട് തറയിൽ വീണു.

ഹദ്റത് അബൂബക്കർ ഇസ്‌ലാം സ്വീകരിച്ച സമയത്ത് അദ്ദേഹത്തിന്റെ പക്കൽ നാല്പതിനായിരം ദിർഹം ഉണ്ടായിരുന്നു. അദ്ദേഹം അത് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാസമനുഭവിക്കുന്ന ഏഴ് അടിമകളെ അദ്ദേഹം സ്വന്ത്രരാക്കി. അവരിൽ ഹദ്റത് ബിലാൽ, ആമിർ ബിൻ ഫുഹൈറ, സിനീറ (زنیرہ) നഹ്ദിയ്യാ, അവരുടെ മകൾ, ബനീ മുമലിലെ ഒരു അടിമ സ്ത്രീ, ഉമ്മെ ഉബൈസ് എന്നിവർ ഉൾപ്പെടുന്നു.

ഹദ്റത് സിനീറ റോമി ഇസ്‌ലാം സ്വീകരിച്ച ആദ്യകാല മഹിളകിൽ ഉൾപെട്ടവളായിരുന്നു. ഇവർ ആദ്യകാലത്ത് തന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ച സമയത്ത് അവർക്ക് കാഴ്ച ശക്തി നഷ്ടപ്പെട്ടിരുന്നു. അപ്പോൾ മുശ്‌രിക്കീങ്കൾ പറഞ്ഞു: ലാത്തയെയും ഉസ്സയെയും നിഷേധിച്ച കാരണത്താൽ സനീറ അന്ധയായിരിക്കുന്നു. അപ്പോൾ സിനീറ പറഞ്ഞു: ലാത്തയും ഉസ്സയും എന്നെ എങ്ങനെ അന്ധയാക്കാനാണ്. അവക്ക് സ്വയം കാഴ്ചയില്ല. എന്റെ കാര്യം വാനലോകത്ത് നിന്നുള്ളതാണ്. അല്ലാഹുവിന്റെ ഹിതമാണ് എന്റെ കാഴ്ച നഷ്ടപ്പെട്ടത്. എന്റെ റബ്ബ് എന്റെ കാഴ്ച തിരിച്ച് തരാനും കഴിവുള്ളവനാകുന്നു. രാത്രി ഉറങ്ങി എഴുന്നേറ്റ അടുത്ത ദിവസം പ്രഭാതത്തിൽ അവർക്ക് കാഴ്ച തിരിച്ച് കിട്ടുകയും ചെയ്തു. അപ്പോൾ ഖുറൈശികൾ പറഞ്ഞു: ഇത് മുഹമ്മദിന്റെ ജാലവിദ്യകൊണ്ട് ഉണ്ടായതാണ്. ഹദ്റത് അബൂബക്കർ അവർക്ക് മേലെ ഉണ്ടായ പ്രായസങ്ങൾ കണ്ടപ്പോൾ അവരെ വാങ്ങുകയും സ്വാതന്ത്ര്യയാക്കുകയും ചെയ്തു.

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 10.12.2021

Malayalam Translation: **Moulavi T Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**